**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2054** **09-02-2023 - ൽ മറുപടിയ്ക്ക്**

**വനിതാ പോലീസ് ജീവനക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതൽ സഹപ്രവർത്തകരിൽ നിന്നും വനിതാ പോലീസ് ജീവനക്കാർക്കു നേരെയുള്ള എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രയെണ്ണത്തിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ? | (എ) | 2016 മുതൽ സഹപ്രവർത്തകരിൽ നിന്നും വനിതാ പോലീസ് ജീവനക്കാർക്ക് നേരെയുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസിലെ FIR ബഹു. കോടതി റദ്ദ് ചെയ്തിട്ടുള്ളതാണ്. ബാക്കി മൂന്ന് കേസുകളിൽ മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒരു കേസിന്റെ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം ഇപ്രകാരമാണ്.<br><br>തൃശ്ശൂർ സിറ്റി - റിപ്പോർട്ട് ചെയ്ത ഒരു കേസിലെ പ്രതിയെ അറസ്റ്റ് ചെയ്തു. ഈ കേസിൽ ചാർജ്ജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്.<br><br>പാലക്കാട് - ഒരു കേസ് റിപ്പോർട്ട് ചെയ്തിരുന്നു. ഈ കേസ് ബഹു കോടതി റദ്ദാക്കിയിട്ടുണ്ട്.<br><br>വയനാട് - രണ്ടു കേസ് റിപ്പോർട്ട് ചെയ്യുകയും രണ്ടു പ്രതികളെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ